KERALA BANK
Kerala State Co-operative Bank
A Scheduled Bank

# THE KERALA STATE CO-OPERATIVE BANK LTD.

(A Scheduled Bank)

KSCB/HO/HR/8738/2025-26 12.01.2026

Registered with A/D

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം:- അച്ചടക്ക നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് (Dismissal from Service) മുൻപുള്ള കാരണം കാണിക്കൽ നോട്ടീസ്.

സൂചന :- 1) 30.03.2024 - ൽ താങ്കൾക്ക നൽകപ്പെട്ട KSCB/HR/161/2023-24 നമ്പർ കുറ്റാരോപണ മെമ്മോയും അനുബന്ധ പത്രികയും.

2) ആഭ്യന്തര അന്വേഷണം പൂർത്തിയാക്കി 09.03.2025-ൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ട്.

3) ആഭ്യന്തര അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഉൾപ്പെടുത്തി 09.06.2025- ൽ KSCB/HR/1815/2025-26 നമ്പരായി താങ്കൾക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസ്.

4) 16.09.2025 – ലെ പ്രാദേശിക ദിനപത്രത്തിൽ നൽകിയ പരസ്യം

5) അച്ചടക്ക ഉപസമിതിയുടെ 24.10.2025 – ലെ 7-ാം നമ്പർ തീരുമാനം.

നിലവിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കാളിയാർ ശാഖയിൽ ക്ലാർക്ക്/ക്യാഷ്യർ ആയി ജോലി ചെയ്തുവരുന്ന ശ്രീമതി. രേഖ ജയൻ (Emp ID.03549) എന്ന താങ്കൾ 27.09.2023 മുതൽ 27.11.2023 വരെ ബാങ്കിന്റെ ആറ്റിങ്ങൽ മെയിൻ ശാഖയിൽ ക്യാഷ്യറുടെ ചുമതല വഹിച്ചുവരവേ

I. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പേരിലുള്ള 10261230109564 നമ്പർ അക്കൗണ്ടിലേയ്ക്ക് ശ്രീമതി. അമ്പിളി. പി യുടെ പേരിൽ ശ്രീ. സുനി എന്ന വ്യക്തി 30.10.2023-ൽ അടവാക്കിയ 10,000/- രൂപ (പതിനായിരം രൂപ), ടി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിൽ വരവ് വച്ചതായി കാണുന്നില്ല എന്ന് കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് ചെർമാന്റെ 23.11.2023-ലെ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ ശ്രീമതി. അമ്പിളിയുടെ 10,000/- രൂപയ്ക്ക് പുറമെ ശ്രീമതി. ബേബിയുടെ പേരിൽ അടവാക്കേണ്ടിയിരുന്ന 20,000/- രൂപയും ടി അക്കൗണ്ടിൽ വരവ് വെച്ചിട്ടില്ല എന്ന് കണ്ടെത്തുകയുണ്ടായി. ബാങ്ക് നടത്തിയ അന്വേഷണത്തിൽ ശ്രീമതി. രേഖാജയൻ എന്ന താങ്കൾ ഗുരുതരമായ അച്ചടക്കലംഘനങ്ങൾ നടത്തിയതായി കണ്ടെത്തിയിരിക്കുന്നു.

II. 27.11.2023-യിൽ ശാഖയിൽ ക്യാഷ്യർ ചുമതല നിർവ്വഹിച്ചിരുന്ന താങ്കളിൽ നിന്നും ശാഖയിലെ ക്ലാർക്ക്/ക്യാഷ്യറായ ശ്രീമതി. ഗീത.വി.എസ്-ന് ചുമതല കൈമാറുന്ന സമയത്ത് ക്യാഷ് ബാലൻസിൽ 50,000/- രൂപയുടെ കുറവ് കണ്ടെത്തുകയും, ആയത് സംബന്ധിച്ച് താങ്കൾ നൽകിയ വിശദീകരണം പ്രകാരം, ബാങ്കിലെ ഇടപാടുകാരനായ

രാജേന്ദ്രപ്രസാദ് എന്ന വ്യക്തിയ്ക്ക് 18,000/- രൂപ നൽകുന്നതിന് പകരം 68,000/- രൂപ നൽകി എന്നും തൻമൂലമാണ് 50,000/- രൂപയുടെ കുറവ് സംഭവിച്ചത് എന്ന് ബോധിപ്പിക്കുകയുണ്ടായി.

താങ്കളുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ രാജേന്ദ്രപ്രസാദ് നൽകിയ Withdrawal slip പരിശോധിച്ചതിൽ നിന്നും, Slip-ന്റെ പുറകുവശത്ത് നോട്ടുകളുടെ ഡിനോമിനേഷൻ രേഖപ്പെടുത്തിയതിൽ തിരുത്തലുകൾ വരുത്തി സാമ്പത്തിക തിരിമറി നടത്തുകയും ആയതുവഴി ബാങ്കിന്റെ പണം അപഹരിച്ചിരിക്കുന്നതായി കണ്ടെത്തിയിരിക്കുന്നു.

താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായതായി ആരോപിക്കുന്ന മേൽ പ്രവൃത്തികൾ ബാങ്കിലെ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാരി എന്ന നിലയിൽ താങ്കൾ പാലിച്ചിരിക്കേണ്ട നിബന്ധനകളുടെയും, ചട്ടങ്ങളുടെയും, കടമകളുടെയും ലംഘനവും ചുവടെ പറയുന്ന ബാങ്കിന്റെ സ്റ്റാഫ് റെഗുലേഷൻ വകുപ്പ് 8, 9 എന്നിവയുടെ ലംഘനവും, 55(1)(a)(e)(g) എന്നിവയുടെ നിർവ്വചനത്തിൽ വരുന്ന ഗുരുതരമായ അച്ചടക്ക ലംഘനവും റെഗുലേഷൻ 56 പ്രകാരം ശിക്ഷ ലഭിക്കാവുന്ന പ്രവർത്തിയുമാകയാൽ ബാങ്ക് ഭരണസമിതിയുടെ 12.01.2024-ലെ 2521 (1)–ാം നമ്പർ തീരുമാനപ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന് മുന്നോടിയായി സൂചന (1) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ഈ കുറ്റാരോപണ മെമ്മോയോടൊപ്പം താങ്കൾക്കെതിരെ ഉന്നയിച്ചിരിക്കുന്ന അച്ചടക്കലംഘനങ്ങൾക്ക് ആധാരമായ ഒരു കുറ്റാരോപണ പത്രികയും (അനുബന്ധം 1) ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു.

Clause 8:- Every employee is bound to serve the Bank faithfully and bound while on duty, to devote his whole time and energy in the faithful discharge of his duties.

Clause 9:-Every employee of the Bank shall use his utmost endeavour to promote the interest of the Bank and shall be respectful and show courtesy and attention to its constituents and persons with whom he has to deal while discharging his duties in all the transactions and the relations of the Bank. Every employee shall be respectful and show courtesy and good manners in his behaviour towards his superiors and his conduct outside the Bank too shall be such as not to bring any discredit to the Bank.

Clause 55(1)(a): Dishonesty, fraud, misappropriation or misapplication of the funds of the Bank or, any of its constituents or committing any offense under I.P.C. in relation to the Bank and its constituents.

Clause 55(1) (e):- Willful damage or attempt to cause damage to the property of the Bank or any of its customers.

Clause 55(1)(g):- Any other act or omission on the part of the employee considered as gross misconduct by the competent authority.

കുറ്റാരോപണ മെമ്മോയിൽ പരാമർശിച്ചിരുന്ന അച്ചടക്കലംഘനത്തിന്റെ അടിസ്ഥാനത്തിൽ താങ്കൾക്കെതിരെ KCS Act & Rules, ബാങ്ക് സ്റ്റാഫ് റെഗുലേഷൻ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടി കൈക്കൊള്ളാതിരിക്കാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് കുറ്റാരോപണ മെമ്മൊ കൈപ്പറ്റി 15 ദിവസത്തിനകം സമർപ്പിക്കണമെന്നും ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം കുറ്റാരോപണ മെമ്മോയ്ക്കുമേൽ

യാതൊന്നും ബോധിപ്പിക്കുവാനോ വിശദീകരിക്കാനോ ഇല്ല എന്ന അനുമാനത്തിൽമേൽ താങ്കൾക്കെതിരെ ഉചിതമായ തുടർനടപടി കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിരുന്നു.

സൂചന (1) പ്രകാരം താങ്കൾക്ക് നൽകിയ കുറ്റാരോപണ മെമ്മോ താങ്കൾ 11.04.2024-ൽ കൈപ്പറ്റിയെങ്കിലും ആയതിന് വിശദീകരണം നൽകിയിട്ടില്ല. തുടർന്ന് താങ്കൾക്കെതിരായ ആരോപണങ്ങൾ അന്വേഷിക്കുന്നതിന് ആഭ്യന്തര അന്വേഷണ ഉദ്യോഗസ്ഥനെ ബാങ്ക് ചുമതലപ്പെടുത്തിയിരുന്നു. ആഭ്യന്തര അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ താങ്കൾക്കെതിരായ ആരോപണങ്ങൾ ഖണ്ഡിക്കുന്നതിനും, തന്റെ ഭാഗം വിശദീകരിക്കുന്നതിനും നിയമാനുസൃതവും, നീതിയുക്തവുമായ അവസരങ്ങൾ നൽകിയിരുന്നു. എന്നാൽ താങ്കൾ ടി അവസരങ്ങൾ ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതുമാണ്. അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ 25.02.2025 - ൽ താങ്കൾ രജിസ്റ്റേർഡ് തപാൽ മുഖേന സമർപ്പിച്ച ആർഗുമെന്റ് നോട്ടിൽ താങ്കൾക്കെതിരായ ആരോപണങ്ങളെ ഖണ്ഡിക്കുന്നതിന് പകരം നിലവിൽ താങ്കൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ ആണ് വിവരിക്കുന്നത്. ബാങ്ക് തനിക്കെതിരെ ഹാജരാക്കിയ രേഖകളുടെയും സാക്ഷി പട്ടികയുടെയും പകർപ്പ് ലഭ്യമാക്കിയില്ല എന്ന താങ്കളുടെ ആരോപണം ശരിയല്ലാത്തതുമാകുന്നു. ഇത് സംബന്ധിച്ച രേഖകൾ 07.11.2024 - ൽ താങ്കൾ കൈപ്പറ്റിയിട്ടുള്ളതാണ്. ബാങ്ക് ഭാഗം തെളിവിലേക്കായി M1 മുതൽ M22 വരെയുള്ള രേഖകൾ മാർക്ക് ചെയ്തിട്ടുള്ളതും, സാക്ഷികളായി PW1 to PW8 വരെയുള്ളവരുടെ മൊഴികളും രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ താങ്കളുടെ ഭാഗത്ത് നിന്ന് രേഖകളോ, സാക്ഷികളെയോ ഹാജരാക്കിയിട്ടില്ലാത്തതുമാകുന്നു. തുടർന്ന് ആഭ്യന്തര അന്വേഷണ ഉദ്യോഗസ്ഥൻ 09.03.2025 - ൽ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ആഭ്യന്തര അന്വേഷണത്തിൽ താങ്കൾക്കെതിരായ ആരോപണങ്ങൾ എല്ലാം സംശയരഹിതമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

തുടർന്ന് ആഭ്യന്തര അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഉൾപ്പെടുത്തി സൂചന (3) പ്രകാരം താങ്കൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. എന്നാൽ Addressee not available at this address എന്ന കുറിപ്പോടെ തപാൽ കൈപ്പറ്റാതെ മടങ്ങിയിട്ടുള്ളതാണ്. ആയതിനെ തുടർന്ന് നിലവിൽ താങ്കൾ ജോലി ചെയ്തു വരുന്ന ബാങ്കിന്റെ കാളിയാർ ശാഖാ മാനേജർ മുഖേന ടി കാരണം കാണിക്കൽ നോട്ടീസ് നൽകാൻ ശ്രമിച്ചെങ്കിലും 14.04.2025 മുതൽ 20.06.2025 വരെ താങ്കൾ അവധിയിലും തുടർന്ന് അനധികൃതമായി ജോലിക്ക് ഹാജരാകാത്തതുമാണ്. തുടർന്ന് ഗാർഹിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഉൾപ്പെടുത്തിയിട്ടുള്ള കാരണം കാണിക്കൽ നോട്ടീസ് 15.09.2025 - ൽ ബാങ്ക് വെബ് സൈറ്റിൽ upload ചെയ്ത വിവരം കാണിച്ച് 16.09.2025 - ൽ പ്രാദേശിക ദിനപത്രത്തിൽ പരസ്യം ചെയ്തിട്ടുള്ളതുമാകുന്നു. എന്നാൽ നിശ്ചിത സമയപരിധിയ്ക്കുള്ളിലും താങ്കൾ യാതൊരു വിശദീകരണവും സമർപ്പിച്ചിട്ടില്ലാത്തതുമാണ്.

ശ്രീമതി. രേഖാ ജയൻ എന്ന താങ്കൾ ബാങ്കിന്റെ ആറ്റിങ്ങൽ മെയിൻ ശാഖയിൽ ക്ലാർക്ക്/ക്യാഷ്യർ തസ്തികയിൽ ജോലി ചെയ്തുവരവേ ഒരു ബാങ്ക് ജീവനക്കാരി എന്ന നിലയിൽ പുലർത്തേണ്ട സത്യസന്ധത, വിശ്വാസ്യത, കൃത്യത, ഉത്തരവാദിത്വം, സൂക്ഷ്മത എന്നിവയിൽ വീഴ്ച വരുത്തുകയും, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്ന ഒരു ബാങ്കിംഗ് സ്ഥാപനത്തിലെ ജീവനക്കാരി എന്ന നിലയിൽ ബാങ്കിന്റെ അടിസ്ഥാന തത്വങ്ങൾ പാലിക്കുന്നതിൽ താങ്കൾ വീഴ്ച വരുത്തി ബാങ്കിനെയും ഇടപാടുകാരെയും കബളിപ്പിക്കുകയും അതുവഴി വ്യക്തിപരമായ സാമ്പത്തികനേട്ടം ലക്ഷ്യമാക്കി പ്രവർത്തിക്കുകയും ക്യാഷ് ബുക്കിൽ തുക രേഖപ്പെടുത്താതെ ക്യാഷ് ചെല്ലാനിൽ ക്യാഷ് റിസീവ്ഡ് സീലും, ക്യാഷ്യറായ താങ്കളുടെ ഒപ്പ് രേഖപ്പെടുത്തി വിശ്വാസ വഞ്ചന നടത്തുകയും, ബാങ്കിന്റെ പണം കൈക്കലാക്കുകയും ചെയ്തിരിക്കുന്നു എന്നുള്ള ആരോപണങ്ങൾ ആഭ്യന്തര അന്വേഷണത്തിൽ

പൂർണ്ണമായും തെളിഞ്ഞിട്ടുള്ള സാഹചര്യത്തിലും, ഒരു സാമ്പത്തിക സ്ഥാപനമായ ബാങ്കിൽ താങ്കൾ നടത്തിയിട്ടുള്ള ഗുരുതരമായ അച്ചടക്കലംഘനം കാരണം താങ്കളിലുള്ള വിശ്വാസം ബാങ്കിന് നഷ്ടപ്പെട്ടിട്ടുള്ളതും, താങ്കൾക്ക് ബാങ്കിന്റെ ജോലിയിൽ തുടരുവാൻ യാതൊരു അർഹതയുമില്ലാത്തതുമാകുന്നു.

ആയതിനാൽ ബാങ്ക് സ്റ്റാഫ് റെഗുലേഷൻ Clause 56A(g) പ്രകാരവും KCS Act 198(1)(h) പ്രകാരവും താങ്കളെ ബാങ്കിന്റെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് (Dismissal from service) തീരുമാനിച്ചിട്ടുള്ളതും ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താങ്കളെ ബാങ്കിന്റെ സർവ്വീസിൽ നിന്നും നീക്കം (Dismissal from service) ചെയ്യാതിരിക്കാൻ തക്കതായ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ 10 ദിവസത്തിനുള്ളിൽ രേഖാമൂലം മറുപടി നൽകണമെന്നും നിർദ്ദേശിക്കുന്നു.

നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി സമർപ്പിക്കാത്ത പക്ഷം ബാങ്ക് എടുത്ത തീരുമാനത്തിന്മേൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

Kerala State Co-operative Bank * Thiruvananthapuram * Head Office

28/1/26
പ്രസിഡന്റ്

ശ്രീമതി. രേഖ ജയൻ
മാമ്പള്ളിക്കുന്നം
ചാത്തന്നൂർ. പി. ഒ
കൊല്ലം - 691572